നമ്പർ. 189238/AD-LEG-ASST-4/2022/Admn

University Of Calicut (AD-Legal Cell)
തീയതി 28 10 2022

**മെമ്മോറാണ്ടം**

വിഷയം:- ശ്രീ. അബ്ദുൾ ജലീൽ എം. ടി. ,ഐഡി നം 3970, ഇലക്ട്രിസിറ്റി വർക്കർ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതിനെതിരെ കാലിക്കറ്റ് സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ് 1977, ചാപ്റ്റർ IV ,ഭാഗം III ചട്ടം 32(a) നിഷ്കർഷിക്കും വിധം കുറ്റാരോപണ മെമ്മോ കുറ്റാരോപണ പത്രം എന്നിവ നൽകുന്നത് - സംബന്ധിച്ച്.

സൂചന.- 1) ഭരണവിഭാഗം 'സി ' സെക്ഷനിൽ നിന്നുള്ള 18 08.2022 തിയ്യതിയിലെ 91902 /AD-C-ASST-3 2022/Admn,നമ്പർ അനൗദ്യോഗിക കുറിപ്പ്.
2) ബഹു. വൈസ് ചാൻസലറുടെ 15 09.2022 തീയ്യതിയിലെ ഇതേ ഫയലിലെ ഉത്തരവ്.

സൂചന (1) പ്രകാരം ഇലക്ട്രിസിറ്റി വർക്കർ ആയ ശ്രീ അബ്ദുൾ ജലീൽ എം. ടി., ഐഡി. നം.3970 പ്രകാരം ടിയാന് 11.05.2017 മുതൽ 10.05.2022 വരെ അനുവദിച്ച ശൂന്യവേതന അവധിക്ക് ശേഷം ടിയാൾ ജോലിയിൽ പുനഃപ്രവേശിച്ചിട്ടില്ല എന്ന് ഭരണവിഭാഗം 'സി 'സെക്ഷൻ അറിയിച്ചിട്ടുണ്ട്.

ഇപ്രകാരം കെ എസ്.ആർ ഭാഗം I അനുബന്ധം 12 എ പ്രകാരമുള്ള ശൂന്യവേതന അവധി കാലാവധി കഴിഞ്ഞു അനധികൃതമായി ജോലിയിൽ ഹാജരാകാതെയിരിക്കുന്ന ശ്രീ. അബ്ദുൾ ജലീൽ എം.ടി , ക്ക് എതിരെ സർവകലാശാല സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾ പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കാൻ സൂചന (2) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്. ആയതിനാൽ കാലിക്കറ്റ് സർവകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ടിലെ ചാപ്റ്റർ 4 പാർട്ട് III സ്റ്റാറ്റ്യൂട്ട് 32 (എ) പ്രകാരമുള്ള കുറ്റാരോപണ മെമ്മോ (Memo of Charges) കുറ്റാരോപണ പത്രം (Statement of Allegation) എന്നിവ ഇതോടൊപ്പം നൽകുന്നു.

Jyothi Kumar C
Joint Registrar

ഉത്തരവിൻ പ്രകാരം

Section Officer

സ്വീകർത്താവ്
ശ്രീ.അബ്ദുൾ ജലീൽ എം.ടി ,(ഐ ഡി.നം.3970).
Copy to :PS to VC/ PA to Reg / SF/ DF/ FC.

കാലിക്കറ്റ് സർവകലാശാല
(ഭരണവിഭാഗം)

189238/AD-LEG-ASST-4/2022/Admn 25.10.2022

<u>കുറ്റാരോപണ മെമ്മോ</u>

ശ്രീ. അബ്ദുൾ ജലീൽ എം. ടി. എന്ന താങ്കൾ ഇലക്ട്രിസിറ്റി വർക്കർ തസ്തികയിൽ (ഐഡി നം. 3970) 30.10.2012 പൂർവ്വാഹ്നത്തിൽ സർവ്വകലാശാലാ സർവീസിൽ പ്രവേശിച്ച താങ്കളുടെ അപേക്ഷ പരിഗണിച്ച് 11.07.2013 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നമ്പർ 2600/2013/CU പ്രകാരം 15.11.2012 മുതൽ പ്രാബല്യത്തിൽ രണ്ട് വർഷത്തേക്ക് താങ്കൾക്ക് ശൂന്യവേതന അവധി അനുവദിച്ച എന്നാൽ താങ്കൾ യഥാസമയം ജോലിയിൽ പുനഃ പ്രവേശിക്കുകയുണ്ടായില്ല. താങ്കളുടെ അപേക്ഷ പരിഗണിച്ച് താങ്കൾ അനധികൃതമായി ജോലിക്ക് ഹാജരാവാതിരുന്ന 15.11.2014 മുതൽ 10.04.2017 വരെയുള്ള കാലയളവ് 11.04.2017 തീയതിലെ 5060/2017/Admn നമ്പർ സർവ്വകലാശാല ഉത്തരവ് പ്രകാരം പിന്നീട് ശൂന്യവേതന അവധിയായി ക്രമവത് കരിച്ച നൽകി.

താങ്കളുടെ അപേക്ഷ പരിഗണിച്ച് കെ.എസ്.ആർ. ഭാഗം I അനുബന്ധം XII എ യിലെ വ്യവസ്ഥകൾക്ക് വിധേയമായി 11.05.2017 മുതൽ 10.05.2022 വരെ ശൂന്യവേതന അവധി അനുവദിച്ചിരുന്നു. 11.05.2022 തീയതിയിൽ ജോലിയിൽ പുനഃപ്രവേശിക്കേണ്ട താങ്കൾ ശൂന്യവേതന അവധി നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ട് 23.04.2022 ന് അപേക്ഷ സമർപ്പിച്ചു.

05.11.2020 തീയതിയിലെ സ.ഉ.(അ) നം.152/2020/ധന പ്രകാരം കെ എസ്.ആർ പാർട്ട് I & II അനുബന്ധം XII -എ / സി അല്ലെങ്കിൽ രണ്ടും ചേർത്തോ ശൂന്യവേതനവധി അനുവദിക്കാവുന്ന പരമാവധി കാലയളവ് 5 വർഷം ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്. ജോലിയിൽ ഹാജരാകാതിരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ സർവീസ് ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കേണ്ടതാണെന്നും അത്തരം ഉദ്യോഗസ്ഥരെ നടപടിക്രമങ്ങൾ പാലിച്ച സർവീസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്നും കെ എസ് ആർ പാർട്ട് I & II അനുബന്ധം XII എ ചട്ടം 9 നിഷ്കർഷിക്കുന്നു. ടി സർക്കാർ ഉത്തരവ് 23.02.2021 തീയതിയിലെ 2296/2021/Admn നമ്പർ ഉത്തരവ് പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കിയിട്ടുണ്ട്.

ടി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താങ്കളുടെ അപേക്ഷ, 11.05.2022 തീയതിയിലെ മെമ്മോ നമ്പർ 91902/AD-C-ASST-3/2022/Admn പ്രകാരം നിരസിക്കുകയും താങ്കൾക്ക് അനുവദിച്ചിട്ടുള്ള ശൂന്യവേതന അവധിക്ക് ശേഷം യഥാസമയം ജോലിയിൽ പ്രവേശിച്ചിട്ടില്ലായെങ്കിൽ ചട്ട പ്രകാരം താങ്കളെ സർവീസിൽ നിന്ന് നീക്കം ചെയ്യുന്നതാനെന്നും അറിയിച്ചിട്ടുള്ളതാണ്. ടി മെമ്മോക്ക് മറുപടിയായി ശൂന്യവേതന അവധി ദീർഘിപ്പിച്ച് നല്കാൻ താങ്കൾ വീണ്ടും അപേക്ഷ നൽകി

താങ്കളുടെ ടി അപേക്ഷ പരിഗണിക്കുകയും, 09.06.2022 തീയതിയിലെ മെമ്മോ നമ്പർ 91902/AD-C-ASST-3/2022/Admn പ്രകാരം താങ്കൾക്ക് അനുവദിച്ചിട്ടുള്ള ശൂന്യവേതന അവധിക്ക് ശേഷം യഥാസമയം ജോലിയിൽ പ്രവേശിച്ചിട്ടില്ലായെങ്കിൽ ചട്ട പ്രകാരം താങ്കളെ സർവീസിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണെന്ന് വീണ്ടും അറിയിച്ചിരുന്നു. എന്നാൽ താങ്കൾ നാളിതുവരെയായി ജോലിയിൽ പുനഃപ്രവേശിക്കുകയോ ടി മെമ്മോക്ക് രേഖാമൂലം മറുപടി നൽകുകയോ ചെയ്തിട്ടില്ല.

കെ.എസ്.ആർ പാർട്ട് I & II അനുബന്ധം XII എ നിഷ്കർഷിച്ച് അനുവദിച്ചിട്ടുള്ള ശൂന്യ വേതന അവധി കാലാവധി കഴിഞ്ഞു അനധികൃതമായി ജോലിയിൽ ഹാജരാകാതെയിരിക്കുന്ന താങ്കൾക്കെതിരെ കാലിക്കറ്റ് സർവകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ് ചാപ്റ്റർ 4 ഭാഗം III അനുസരിച്ചുള്ള അച്ചടക്ക നടപടി സ്വീകരിയ്ക്കാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് ഈ മെമ്മോ കിട്ടുന്ന തീയതി മുതൽ 15 ദിവസങ്ങൾക്കുള്ളിൽ രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. നേരിട്ട് കാര്യം

ബോധിപ്പിക്കാനാഗ്രഹിക്കുന്നുവെങ്കിൽ ആ വിവരം കൂടി അറിയിക്കേണ്ടതാണ്. താങ്കൾക്ക് എതിർവാദ പത്രിക സമർപ്പിക്കുവാൻ നിശ്ചയിച്ചിട്ടുള്ള തിയ്യതിക്ക് മുമ്പ് ഏതു ദിവസവും താങ്കളുടെ താല്പര്യപ്രകാരം മുൻകൂട്ടി നിശ്ചയിക്കുന്ന സമയത്തു കുറ്റാരോപണ പത്രികയിൽ പറഞ്ഞിട്ടുള്ള വസ്തുതകൾക്ക് ആധാരമായ രേഖകൾ പരിശോധിക്കാവുന്നതും പ്രസക്തഭാഗങ്ങൾ കുറിച്ചെടുക്കാവുന്നതുമാകുന്നു. താങ്കളുടെ എതിർവാദ പത്രിക നിശ്ചിത കാലാവധിക്കുള്ളിൽ ലഭിക്കുന്നില്ലെങ്കിൽ താങ്കൾക്ക് ഇക്കാര്യത്തിൽ എതിർവാദങ്ങളൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

മേൽ പറഞ്ഞിരിക്കുന്ന കുറ്റത്തിന് അടിസ്ഥാനമായ ആരോപണങ്ങളുടെ പത്രിക ഇതോടൊപ്പം ചേർത്തിരിക്കുന്നു.

<u>കുറ്റാരോപണ പത്രിക</u>

ശ്രീ.അബ്ദുൾ ജലീൽ എം.ടി.,(ഐ.ഡി.നം.3970) എന്ന താങ്കൾ 11.05.2017 മുതൽ 10.05.2022 വരെ അനുവദിച്ച ശൂന്യവേതന അവധിക്ക് ശേഷവും അനധികൃതമായി ജോലിക്കു ഹാജരാകാതെയിരിക്കുകയാണ്. ശൂന്യവേതന അവധി നീട്ടി നൽകുന്നതിനായി 23.04.2022, 11.05.2022 എന്നീ തീയതികളിൽ താങ്കൾ സമർപ്പിച്ച അപേക്ഷ നിരസിക്കുകയും യഥാസമയം ജോലിയിൽ പുനഃപ്രവേശിച്ചിട്ടില്ലായെങ്കിൽ ചട്ട പ്രകാരം താങ്കളെ സർവീസിൽ നിന്ന് നീക്കം ചെയ്യുന്നതാനെന്നും അറിയിച്ചിട്ടുള്ളതാണ്. എന്നാൽ താങ്കൾ നാളിതുവരെയായി ജോലിയിൽ പുനഃ പുനഃപ്രവേശിക്കുകയോ മെമ്മോക്ക് രേഖാമൂലം മറുപടി നൽകുകയോ ചെയ്തിട്ടില്ല

UNIVERSITY OF CALICUT * CALICUT UNIVERSITY P.O., MALAPPURAM 673635 *

Registrar